# പതിനാലാം കേരള നിയമസഭ
# രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1757 — 04.10.2016- ൽ മറുപടിക്ക്

## പുതിയ സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി.ടി.എ. റഹീം** | **ശ്രീ. എ.സി.മൊയ്തീൻ**<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) പുതിയ സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ; | (എ) കേരള സഹകരണ നിയമം വകുപ്പ് 4, 5, 6, 7 ചട്ടം 3, 4, 5, 6, 7, 8 പ്രകാരമാണ് സഹകരണ സംഘം രജിസ്റ്റർ ചെയ്യുന്നത്. അംഗങ്ങളുടെ സാമ്പത്തിക ഉന്നതിയോ പൊതുജന താൽപ്പര്യങ്ങളുടെ സംരക്ഷണമോ ലക്ഷ്യമാക്കിക്കൊണ്ട് സഹകരണ തത്വങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്ന സംഘങ്ങൾക്ക് മാത്രമേ സഹകരണ നിയമത്തിൻകീഴിൽ രജിസ്ട്രേഷൻ നൽകുകയുള്ളൂ. അത്തരം സംഘങ്ങളുടെ സേവനം തങ്ങൾക്ക് പ്രയോജനപ്പെടുത്തണമെന്ന് താൽപര്യമുള്ള വ്യത്യസ്ത കുടുംബത്തിൽപ്പെട്ട 25 വ്യക്തികൾ എങ്കിലും സംഘാടകരായി (പ്രമോട്ടർമാർ) ചേർത്തുകൊണ്ട് പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കണം. പ്രമോട്ടർമാർ അവരിൽ നിന്നും ഒരു പ്രമോട്ടിംഗ് കമ്മിറ്റിയെയും അതിന്റെ അദ്ധ്യക്ഷനായി ഒരു ചീഫ് പ്രമോട്ടറെയും തെരഞ്ഞെടുക്കണം. പ്രമോട്ടർമാർ അവരുടെ യോഗം ചേർന്ന് താഴെപ്പറയുന്ന രീതിയിൽ അപേക്ഷ തയ്യാറാക്കണം.<br>1. നിർദ്ദിഷ്ട സംഘം രൂപീകരിക്കുന്നതിനുള്ള തീരുമാനം.<br>2. പ്രമോട്ടിംഗ് കമ്മിറ്റി അംഗീകരിച്ച കരട് നിയമാവലിയുടെ മൂന്ന് കോപ്പികൾ.<br>3. നിർദ്ദിഷ്ട സംഘത്തിന് കാര്യക്ഷമമായ പ്രവർത്തനം സാധ്യമാണെന്ന് ബോധ്യപ്പെടുത്തുന്ന പദ്ധതിരേഖ. |

4. ചട്ടങ്ങളുടെ അനുബന്ധത്തിൽ ചേർത്തിട്ടുള്ള 1-ാം നമ്പർ ഫോറത്തിൽ അപേക്ഷയുടെ രണ്ടു പകർപ്പുകൾ തയ്യാറാക്കി പ്രമോട്ടർമാർ എല്ലാവരും ഒപ്പു വയ്ക്കണം.
5. ഓഹരി പിരിക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ഓഹരി മൂലധനത്തിലേക്ക് തുക നൽകിയിട്ടുള്ള എല്ലാ വ്യക്തികളുടെയും പേരും പൂർണ്ണമായ മേൽവിലാസവും അവർ നൽകിയിട്ടുള്ള തുകയും രേഖപ്പെടുത്തിയ ലിസ്റ്റിന്റെ രണ്ടു പകർപ്പുകൾ.
6. രജിസ്ട്രേഷനുള്ള ഫീസ് അടച്ചതിന്റെ രസീതി.

ഇങ്ങനെ തയ്യാറാക്കിയിട്ടുള്ള അപേക്ഷാ ഫോറവും ഉള്ളടക്കങ്ങളും നിർദ്ദിഷ്ട സംഘത്തിന്റെ കേന്ദ്ര ഓഫീസ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന പ്രദേശം അധികാര പരിധിയായുള്ള അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ് വഴി സമർപ്പിക്കേണ്ടതാണ്. സഹകരണ നിയമത്തിലേയും ചട്ടത്തിലേയും രജിസ്ട്രാറുടെ സർക്കുലറിലേയും വ്യവസ്ഥകൾ പാലിച്ചു കൊണ്ടാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നതെന്നും സംഘത്തിന്റെ പ്രായോഗികതയും പ്രവർത്തന സാധ്യതയും 4-ാം വകുപ്പിൽ അനുശാസിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് സംഘത്തിനുള്ളതെന്നും നിർദ്ദിഷ്ട സംഘത്തിന്റെ ബൈലോ അനുസരിച്ച് നിശ്ചയിക്കപ്പെട്ടിരിക്കുന്ന പ്രവർത്തന പരിധിയിൽ അതേ സ്വഭാവത്തിലുള്ള മറ്റൊരു സംഘവും പ്രവർത്തിച്ചു വരുന്നില്ലെന്നും ബോദ്ധ്യപ്പെടുന്നതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ സംഘം രജിസ്റ്റർ ചെയ്തു നൽകുന്നതാണ്.

| | |
|---|---|
| ബി) കുന്ദമംഗലം ഗ്രാമപഞ്ചായത്തിലെ പിലാശ്ശേരി കേന്ദ്രമായി പിലാശ്ശേരി അഗ്രിക്കൾച്ചറൽ ആൻറ് വർക്കേഴ്സ് വെൽഫയർ കോ ഓപ്പറേറ്റീവ് സൊസൈറ്റി ആരംഭിക്കുന്നതിന് നൽകിയ അപേക്ഷയിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; അനുമതി ഉത്തരവ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) കുന്ദമംഗലം ഗ്രാമ പഞ്ചായത്തിലെ പിലാശ്ശേരി കേന്ദ്രമായി പിലാശ്ശേരി അഗ്രിക്കൾച്ചറൽ & വർക്കേഴ്സ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ആരംഭി-ക്കുന്നതിന് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) കോഴിക്കോട് മുഖേന സമർപ്പിച്ച അപേക്ഷയിൽ 11.02.2015 ന് നടപടി സ്വീകരിക്കുകയും നിയമാവലിയിലെ ന്യൂനതകൾ പരിഹരിച്ച നൽകുവാൻ ജോയിന്റ് രജിസ്ട്രാർ (ജനറൽ), കോഴിക്കോട് ആഫീസിൽ നിന്നും 19.02.2015 ൽ ചീഫ് പ്രമോട്ടർക്ക് കത്ത് നൽകുകയും ചെയ്തിരുന്നു. എന്നാൽ നാളിതുവരെ മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല. നിർദ്ദേശിച്ച പ്രകാരം ന്യൂനതകൾ പരിഹരിച്ച ലഭിച്ചു കഴിഞ്ഞാൽ അപേക്ഷ ക്രമപ്രകാരമാണെന്നും സംഘം പ്രവർത്തന സാധ്യതയുള്ളതാണെന്നും പരിശോധിച്ച് ബോദ്ധ്യപ്പെട്ടാൽ അനുമതി ഉത്തരവ് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ